നിന്ന് തേയില വാങ്ങിക്കൊള്ളാമെന്ന് ട്രേഡ് പ്ലാനിൽ റഷ്യ പറഞ്ഞിട്ടുണ്ട്. പക്ഷേ അത് എവിടെനിന്നു വാങ്ങിക്കണം എന്നുള്ളത് റഷ്യതന്നെ തീരുമാനിക്കണമെന്നുള്ളതാണ് കേന്ദ്രഗവൺമെന്റിന്റെ പ്രതികരണം. മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള കൗൺസംട്ടേറീവ് കമ്മിറ്റി വിളിച്ചുകൂട്ടി കേരള ഗവൺമെന്റിനു ഇതിൽ എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതൊക്കെ ചെയ്യാനുള്ള നടപടികളെടുക്കുന്നതാണെന്നു ഞാൻ ഉറപ്പുതരുന്നു.

ശ്രീ. കെ. കെ. തോമസ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് കേന്ദ്ര ഗവൺമെന്റ് 1986-ൽ ഏർപ്പെടുത്തിയ നിയന്ത്രണം പിൻവലിച്ചു എന്നാണ്. വിദേശ രാജ്യങ്ങളും തേയില വാങ്ങാൻ കമ്പോളത്തിൽ വരുന്നില്ല. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തേയിലയുടെ 50 ശതമാനമെങ്കിലും കയറ്റുമതി ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ ഗവൺമെന്റിനു സാധിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: ഇപ്പോഴും ബാർ ഓർഡർ ഇല്ലാത്തതുകൊണ്ട് ഏത് സ്ഥലത്തുനിന്നു തേയില വാങ്ങിക്കണമെന്നു തീരുമാനിക്കേണ്ടതു അതാതു രാജ്യങ്ങളാണ്. കേരളത്തിൽനിന്ന് വാങ്ങാനായി കേന്ദ്രത്തോട് പ്രത്യക്ഷമായും വേണ്ടിവന്നാൽ പരോക്ഷമായും സമ്മർദ്ദം ചെലുത്താൻ പറയാൻ മാത്രമേ സാധിക്കൂ.

IV. സബ്മിഷൻ

(1) പൂർത്തിയാക്കാത്ത പി. ഡബ്ലിയു. ഡി. റോഡുകളും എം. എൽ. എ. റോഡുകളും

ശ്രീ. പി. സി. ജോർജ്: സർ, ഇന്ന് പണി ആരംഭിച്ച പി. ഡബ്ലിയു. ഡി. റോഡുകളും, എം. എൽ. എ. റോഡുകളും പണി പൂർത്തിയാക്കുന്നില്ല. പി. ഡബ്ലിയു. ഡി. കോൺട്രാക്ടർമാർ റോഡ് പണി ആരംഭിച്ചിട്ട് പകുതിയാകുമ്പോൾ ഇട്ടിട്ടു പോകും. എം. എൽ. എ. റോഡുകൾ പൂർത്തിയാകാത്തതുകൊണ്ട് എനിക്ക് എന്റെ നിയോജകമണ്ഡലത്തിൽ ചെല്ലാൻ നിവൃത്തിയില്ല. എന്റെ നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡുകളായ കുറുമണ്ണ-പയസ്മൗണ്ട്-പൈകടപ്പീടിക റോഡിന്റെ കാര്യമെടുത്താൽ കോൺട്രാക്ടർമാർ എഗ്രിമെന്റ് വച്ചതിനുശേഷം അവിടെ 6 ലോഡ് കല്ലിട്ടിട്ട് രണ്ടുകൊല്ലമായി. പിന്നീട് അങ്ങോട്ട് തിരിഞ്ഞു നോക്കുന്നില്ല. അതുപോലെ വേറൊരു എം. എൽ. എ. റോഡായ തേൻപുഴ-ഇളങ്കാട് റോഡിന്റെ പണി പകുതിയാക്കിയിട്ടിരിക്കുകയാണ്. ബസ്സും, കാറും, ജീപ്പും ഒന്നും പോകുകയില്ലെന്ന നിലയിലാണ്. കോൺട്രാക്ടറെ കാണാനില്ല. പണി പകുതിയാക്കിയിട്ടിട്ടു പോകുന്ന കോൺട്രാക്ടറുടെമേൽ നടപടി സ്വീകരിക്കാൻ ഇന്ന് നിയമമില്ലായെന്നുള്ള വസ്തുത ഇതിനുമുമ്പ് ഞാൻ സഭയിൽ പറഞ്ഞതാണ്. അങ്ങനെയുള്ള കോൺട്രാക്ടർമാരുടെമേൽ നടപടി സ്വീകരിക്കാനുള്ള നിയമനിർമ്മാണം നടത്താൻ ദൈവത്തെ ഓർത്ത് ഈ ഗവൺമെന്റ് തയ്യാറാകണമെന്ന് വളരെ താഴ്മയോടുകൂടി ഞാൻ അപേക്ഷിക്കുകയാണ്.

[10 a. m.]

LIBRARY ARCHIVES Kerala Legislative Assembly

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർക്കുട്ടിനഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നിലവിലുള്ള നിയമപ്രകാരം രണ്ട് റോഡുകളും ഓക്ഷൻ ആയിട്ടുള്ളതാണ്. ആദ്യം പറഞ്ഞ റോഡ് കുറെ വർക്ക് ചെയ്തു കോൺട്രാക്ടർ ഇട്ടിട്ടുപോയി. അദ്ദേഹത്തിന് വർക്ക് പൂർത്തിയാക്കണമെന്നുകാണിച്ച് ഫൈനൽ നോട്ടീസ് നടത്തി. വർക്ക് ചെയ്യാത്തതുകൊണ്ട് അദ്ദേഹത്തിന്റെ റിസ്ക് ആൻറ് കോസ്റ്റിൽ മറെറാരു കോൺട്രാക്ടറെ ഏൽപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. രണ്ടാമത്തെ വർക്ക് അത്രത്തോളമെത്തിയിട്ടില്ല. കരാറുകാരൻ കുറെ പണി ചെയ്തു. ഇപ്പോഴം നിശ്ചലാവസ്ഥയിലാണ്. പണി ആരംഭിക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്. 1987 മാർച്ചിലാണ് ഇതിന്റെ കാലാവധി. പണി തീർക്കുന്നില്ലായെങ്കിൽ അദ്ദേഹത്തിന്റെ റിസ്ക് ആൻറ് കോസ്റ്റിൽ വേറെ കരാറു കൊടുക്കേണ്ടിവരും.

(2) വൈക്കം താലൂക്കിലെ കല്ലറ, കടുത്തുരുത്തി, മുട്ടുചിറ വില്ലേജുകളിലെ കൃഷി നശിച്ചവർക്ക്·സാമ്പത്തിക സഹായം നൽകണമെന്ന ആവശ്യം

[ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): സർ, കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽപ്പെട്ട കല്ലറ, കടുത്തുരുത്തി, മുട്ടുചിറ വില്ലേജുകളിലെ പുഞ്ചപ്പാടങ്ങളിലേയും കരിനിലങ്ങളിലെയും കൃഷി പൂർണ്ണമായി നശിച്ചിരിക്കുകയാണ്. കാലാവസ്ഥാനിരീക്ഷകർപോലും കാലവർഷം കാലേക്കൂട്ടി ഉണ്ടാകുമെന്ന് പ്രവചിച്ചെങ്കിലും കാലവർഷം വൈകിപ്പോയി. ഇടവമാസാരംഭത്തിൽ ഈ പാടശേഖരങ്ങളിൽ പതിവുപോലെ കൃഷിയിറക്കി. മഴ ലഭിക്കാത്തതുകൊണ്ട് പുളിരസമുള്ള ഈ പാടങ്ങളിൽ 20, 25 ദിവസം പ്രായംചെന്ന നെൽച്ചെടികൾ വേരു പിടിക്കാതെ വാടിപ്പോവുകയാണുണ്ടായത്. ഈ കർഷകർ രണ്ടാമതും തങ്ങളുടെ പാടങ്ങളിൽ കൃഷിയിറക്കിയെങ്കിലും മഴ കാര്യമായി ലഭിക്കാത്തതുകൊണ്ടല്ല വെള്ളപ്പൊക്കംമൂലം ആ കൃഷിയും നശിച്ചിരിക്കുകയാണ്. പവർക്കട്ടുകൊണ്ട് പാടത്തെ വെള്ളം വറ്റിക്കാൻ സാധിക്കുന്നില്ല. കൂനിൻമേൽക്കുരു എന്നപോലെ ആ പ്രദേശത്തുള്ള കർഷകർ ആകെപ്പാടെ രണ്ടുപ്രാവശ്യം കൃഷിയിറക്കിയിട്ടും കൃഷി മുഴുവനും നശിച്ചു. കൃഷിക്കാർ സാമ്പത്തികമായി തകർന്നിരിക്കുകയാണ്. ഗവൺമെൻറിന്റെ ഉത്തരവാദിത്വം ഈ കർഷകരുടെമേൽ ഉണ്ടെന്നുള്ളതുകൊണ്ട് അവർക്ക് സാമ്പത്തികമായി ആശ്വാസം നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

കൃഷിവകുപ്പുമന്ത്രി (ശ്രീ.എൻ. സുന്ദരൻ നാടാർ): സർ, കോട്ടയം ജില്ലയിൽ കടുത്തുരുത്തി, കല്ലറ എന്നീ പഞ്ചായത്തുകളിൽപ്പെട്ട 1200-ലധികം ഏക്കർ വിസ്തീർണ്ണമുള്ള നെൽപ്പാടങ്ങളിൽ കൃഷി നാശമുണ്ടായിട്ടുണ്ട്. ഇതുമൂലം 1000-ലധികം കർഷകർക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിട്ടുള്ളതുകൊണ്ട്, അവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികളെടുത്തുകൊണ്ടിരിക്കുകയാണ്. കൃഷിവകുപ്പിലെ ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിക്കുകയും, നാശനഷ്ടക്കണക്കുകൾ തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മറ്റു നടപടികളും പൂർത്തിയാക്കി നാശനഷ്ടം വന്ന കർഷകർക്ക് അർഹതപ്പെട്ട സാമ്പത്തിക സഹായം കഴിയുന്നതുംവേഗം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly